പരിസ്ഥിതി

അബ്ദുസ്സമദ് കൂട്ടിലങ്ങാടി

# ഇസ്‌ലാമും പരിസ്ഥിതി സൗഹൃദ ജീവിതവും

**നമ്മുടെ** ഭൂമി ഒരു അപകടത്തിന്റെ വക്കിലാണിന്ന്. വരും തലമുറ കടുത്ത ഭീഷണിയാണ് നേരിടാൻ പോവുന്നത്. മനുഷ്യരുടെ നിലനിൽപ് തന്നെ അവതാളത്തിലാകുന്ന അവസ്ഥ. ചില കണക്കുകളും വസ്തുതകളും പരിശോധിക്കുമ്പോൾ പ്രതിസന്ധിയുടെ ആഴം വ്യക്തമാകും.

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടക്കാണ് ഏറ്റവും കൂടുതൽ ചൂടു കൂടിയ ആറു വർഷങ്ങൾ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. കാലാവസ്ഥയിൽ വരുന്ന വ്യതിയാനത്തിന്റെ ഫലമായി ഓരോ വർഷവും ഒന്നര ലക്ഷത്തോളം മനുഷ്യർ മരിക്കുന്നു എന്നാണ് ലോകാരോഗ്യ സംഘടനയുടെ 2000–ലെ കണക്ക്. ഓരോ വർഷവും ഈ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഇനിയും അമ്പത് വർഷം കഴിയുമ്പോൾ മൂന്നു മുതൽ അഞ്ചിരട്ടി വരെ ചൂടു കൂടാനാണ് സാധ്യത. മഞ്ഞുമലകൾ വൻതോതിൽ ഉരുകിയൊലിച്ച് കടൽ വിതാനം ഉയർന്ന് ലോകത്തിലെ ചില ദ്വീപുകൾ തന്നെ അപ്രത്യക്ഷമാകാൻ സാധ്യതയുണ്ട്.

നൂറ്റി അമ്പത് മുതൽ ഇരുനൂറ് വരെ ജീവി വർഗങ്ങൾ ദിനേന ഭൂമുഖത്തുനിന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ഒരു ജീവിവർഗം ഭൂമുഖത്തുനിന്ന് നഷ്ടപ്പെടുക എന്നു പറഞ്ഞാൽ കാലാകാലത്തേക്ക് അവ ഭൂമുഖത്ത് നിന്ന് ഇല്ലാതാവുകയാണ്. അടുത്ത പത്തു വർഷം കൊണ്ട് ഇരുപത് ശതമാനം ജീവിവർഗങ്ങൾ കൂടി നമുക്ക് വിനഷ്ടമാവും.

ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം അന്തരീക്ഷ മലിനീകരണത്തിന്റെ ഫലമായി ഓരോ വർഷവും രണ്ട് മില്യൻ ജനങ്ങൾ മരിക്കുന്നു. നമ്മുടെ നിത്യഹരിതവനങ്ങളിൽനിന്നും ഓരോ സെക്കന്റിലും ഒരു ഫുട്ബോൾ ഗ്രൗണ്ടിന്റെ വിസ്തീർണത്തിലുള്ള ഭാഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ജലമലിനീകരണം നിമിത്തം നിമിഷം തോറും ഏഴിലധികം കുട്ടികളാണ് ലോകത്ത് മരിക്കുന്നത്. ജലമലിനീകരണത്തിന്റെയും അനാരോഗ്യകരമായ സാഹചര്യങ്ങളുടെയും ഫലമായി ഒരു വർഷം ഇരുപത്തിയഞ്ച് മില്യൻ ജനങ്ങൾ മരിക്കുന്നു. 2050 ആകുമ്പോഴേക്ക് ഇന്ത്യയിൽ ഊഷ്മാവ് 4 ഡിഗ്രി സെൽഷ്യസ് വർധിക്കുമെന്ന് ശാസ്ത്രജ്ഞർ പറയുന്നു. രാജ്യത്തിന്റെ മധ്യ പടിഞ്ഞാറൻ ഭാഗങ്ങളിൽ മഴ ദിനങ്ങൾ 15 ദിവസത്തോളം കണ്ട് കുറയുമ്പോൾ വടക്കു കിഴക്കൻ മേഖലകളിൽ 5 മുതൽ 10 വരെ ദിവസങ്ങൾ കൂടാനാണ് സാധ്യത. കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി 2050 ആകുമ്പോഴേക്ക് ഭൂരിഭാഗ പ്രദേശങ്ങളും മലേറിയ ബാധിതമാവാൻ സാധ്യതയുണ്ട്. ഇന്ത്യയിലെ വായു

മലിനീകരണം വഴി ഓരോ വർഷവും 527,700 പേരാണ് മരിക്കുന്നത്. ലോക രാഷ്ട്രങ്ങളിൽ ഇന്ത്യയേക്കാൾ ചൈനയിൽ മാത്രമാണ് മലിനീകരണം കാരണമുള്ള മരണം കൂടുതൽ സംഭവിക്കുന്നത്. മലിനജലം കുടിച്ച് 7.8 ലക്ഷം ജനം ഓരോ വർഷവും മരിച്ചുകൊണ്ടിരിക്കുന്നു. 2050 ആകുമ്പോഴേക്ക് ഒരു വ്യക്തിക്ക് ലഭ്യമാകുന്ന വെള്ളത്തിന്റെ ശരാശരി ലഭ്യത 760 സെന്റീമീറ്റർ ആയി കുറയുന്നതാണ്. 1951–ൽ ഇത് 3450 സെ.മീ ആയിരുന്നുവെന്ന് ഓർക്കണം.

6500 കിലോമീറ്റർ വരുന്ന ഇന്ത്യൻ തീരപ്രദേശം സമുദ്ര നിരപ്പ് ഉയരുന്നതിന്റെ ഭീഷണിയിലാണ്. ഒരു മീറ്റർ സമുദ്ര നിരപ്പ് ഉയർന്നാൽ 7.1 മില്യൻ ജനങ്ങളെയും 1700 ച.കി.മീറ്റർ കൃഷിയിടങ്ങളെയുമാണ് അത് നേരിട്ടുബാധിക്കുക.

ഈയൊരു സാഹചര്യത്തിൽ ഭൂമിയെ രക്ഷിക്കാൻ മുന്നിട്ടിറങ്ങുക എന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്തമായി മാറുന്നു. താളം തെറ്റിയ വ്യവസായവത്കരണവും മാറി മാറി വരുന്ന സർക്കാറുകൾ എടുക്കുന്ന വികല നയങ്ങളുമാണ് പ്രതിസന്ധിക്ക് മുഖ്യ കാരണങ്ങൾ. ഈ പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നത് സുഖാഢംബരങ്ങളിലുള്ള അമിതാവേശവും വികസിത രാജ്യങ്ങളുടെ ചൂഷണാത്മക നയങ്ങളോടുള്ള നമ്മുടെ രാജ്യത്തിന്റെ അടിമത്ത മനോഭാവവുമാണ്. അതിനപ്പുറം ഓരോ വ്യക്തിയും ഈ പ്രതിസന്ധിക്ക് ഉത്തരവാദിയാണ്. ലോകത്തെ രക്ഷിക്കാൻ നമുക്കോരോരുത്തർക്കും ഏറെ കാര്യങ്ങൾ ചെയ്യാനുണ്ട്.

പരിസ്ഥിതി ധർമ(Environmental Ethics)ത്തിൽ ഇസ്‌ലാം വ്യക്തമായ കാഴ്ചപ്പാടുകൾ സമർപ്പിക്കുന്നുണ്ട്. ഈ ധാർമിക പരിസ്ഥിതി വ്യവസ്ഥ നാം സ്വയം ആചരിക്കുകയും ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയും വേണം. ഇതിന് മുഖ്യമായും മൂന്ന് വശങ്ങളാണുള്ളത്. ഒന്ന്, ഉപഭോഗ നിയന്ത്രണം. രണ്ട്, പാഴായിപ്പോകുന്നത് പരമാവധി കുറക്കൽ. മൂന്ന്, ജൈവവ്യവസ്ഥയുടെ സംരക്ഷണം.

## ഉപഭോഗ നിയന്ത്രണം

പാരിസ്ഥിതി പ്രശ്നങ്ങളുടെ ഒരു സുപ്രധാന കാരണം അമിത ഉപഭോഗമാണ്. മുതലാളിത്തം ധൂർത്തും ആഡംബരവും സ്റ്റാറ്റസ് സിമ്പലായി കാണുന്നു. വെള്ളം, ഊർജം, മറ്റു വിഭവങ്ങൾ എന്നിവയുടെ മേൽ ഇത് കടുത്ത സമ്മർദമാണ് ചെലുത്തുന്നത്. അവശിഷ്ടങ്ങൾ ഭീകരമാംവിധം കുന്നുകൂടാൻ കാരണവും മറ്റൊന്നല്ല. പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമാകുന്നു എന്നതാണ് ഇതിന്റെ പരിണിതി. അമേരിക്ക, യൂറോപ്പ്, ജപ്പാൻ തുടങ്ങിയ വൻകിട രാജ്യങ്ങൾ ലോകത്തിലെ മൊത്തം സാധനങ്ങളുടെ 80 ശതാനവും കൈയടക്കി ഉപയോഗിക്കുന്നു.

ഒരു ശരാശരി അമേരിക്കക്കാരൻ ജീവിക്കുന്നതു പോലെ ലോകത്തെ മുഴുവനാളുകളും ജീവിക്കുകയാണെങ്കിൽ ഇന്നുള്ള ഭൂമിയുടെ അഞ്ച് ഇരട്ടി വേണ്ടിവരും. അമേരിക്കയിൽ ജനങ്ങളേക്കാൾ കൂടുതൽ കാറുകൾ ഉണ്ട് എന്നതിനർഥം, ഒരാൾ തന്നെ ഒന്നിലധികം കാറുകൾ ഉപയോഗിക്കുന്നു എന്നാണല്ലോ. ദരിദ്ര രാജ്യത്തെ ഒരു പൗരൻ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ നൂറിരട്ടിയാണ് ഒരു അമേരിക്കക്കാരൻ ഉണ്ടാക്കുന്നത്.

ഉപഭോഗത്തിൽ മിതത്വം പാലിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. ദൈവം നൽകിയ സൗകര്യങ്ങളും സുഖങ്ങളും മുഴുവൻ വർജിച്ച് സന്യാസിയായി ജീവിക്കണമെന്നല്ല അതിനർഥം. ധാരാളിത്തത്തെയും പാഴ്ച്ചെലവുകളെയുമാണ് ഇസ്‌ലാം വിലക്കുന്നത്. ഖുർആനിൽ 23 സ്ഥലങ്ങളിലെങ്കിലും ധാരാളികളെ കുറ്റപ്പെടുത്തുന്നുണ്ട്. “ആദം സന്തതികളേ..... അമിതമാകാതെ ഭുജിക്കുകയും പാനം ചെയ്യു

കയും ചെയ്തുകൊള്ളുക. ധൂർത്ത് കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല" (7:31).

പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്നത് സാമൂഹിക താൽപര്യത്തിന് എതിരാകാത്തതും വരുംതലമുറയെ പ്രതികൂലമായി ബാധിക്കാത്തതുമായ രീതിയിലായിരിക്കണം. നമ്മുടെ അത്യാവശ്യങ്ങൾ കഴിച്ചുള്ള വിഭവങ്ങൾ എങ്ങനെയാണ് ഉപയോഗപ്പെടുത്തേണ്ടതെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്: "നിങ്ങളുടെ ബന്ധുക്കളോടും പാവപ്പെട്ടവരോടും വഴിയാത്രക്കാരോടും നിങ്ങൾക്കുള്ള കടപ്പാടുകൾ പൂർത്തീകരിക്കുക" (17:26). ഉപഭോഗത്തിൽ സഹജീവികളെക്കൂടി പരിഗണിക്കാൻ നാം ബദ്ധശ്രദ്ധരാവണം. ഉപഭോഗത്തെക്കുറിച്ച് ചില അടിസ്ഥാന മാർഗനിർദേശങ്ങൾ ഇസ്‌ലാം നൽകുന്നു.

ഒന്ന്, ഭൗതിക വിഭവങ്ങളുടെ അമിത ആശ്രിതത്വം പരമാവധി കുറക്കണം. ലളിത ജീവിതം നയിക്കണം. ഭൗതിക വിഭവങ്ങളിൽ വഞ്ചിതരാകരുതെന്ന് ഖുർആൻ.

നബി പറയുന്നു: "നോക്കുക. ഈ ഭൗതിക സുഖങ്ങൾ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഒരു മരത്തണലിൽ അൽപനേരം വിശ്രമിക്കുന്ന ഒരു വഴിയാത്രക്കാരനെപ്പോലെയാണ് ഇഹലോകജീവിതം" (തിർമിദി).

സൽപ്രവർത്തനങ്ങളുടെയും നന്മയുടെയും കാര്യത്തിൽ മത്സരിക്കുന്നതുപോലെ നിങ്ങൾ പണത്തിന്റെയും അന്തസ്സിന്റെയും കാര്യത്തിൽ മത്സരിക്കരുത് എന്നാണ് പ്രവാചകൻ കൽപിച്ചിട്ടുള്ളത്. "ഭൗതിക വിഭവങ്ങളുടെ കാര്യത്തിൽ നിങ്ങൾ നിങ്ങളുടെ താഴെയുള്ളവരിലേക്ക് നോക്കുക" (മുസ്‌ലിം).

രണ്ട്, നമ്മുടെ അത്യാവശ്യങ്ങൾ കഴിച്ചുള്ള സമ്പത്ത് ആവശ്യക്കാരുടെയും പാവങ്ങളുടെയും ക്ഷേമത്തിനു വേണ്ടി വിനിയോഗിക്കണം. അമിത ഉപഭോഗത്തിനു തടയിടാൻ പറ്റിയ ഏറ്റവും നല്ല മാർഗമാണിത്. നമുക്ക് ആവശ്യങ്ങൾ ഉള്ളതോടൊപ്പം മറ്റുള്ളവന്റെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

നിർബന്ധ ദാനമായ സകാത്ത് മാത്രമല്ല, പാവങ്ങളെയും അശരണരെയും അകമഴിഞ്ഞ് സഹായിക്കാനുള്ള ഉദാര മനസ്കതയാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. "അനാഥരെയും ഏഴകളെയും ബന്ധികളെയും അവർ ഊട്ടുന്നു. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട്" (ഖുർആൻ 76:8).

മൂന്ന്, ഇന്നത്തെ ഉപഭോഗസംസ്കാരത്തിന്റെയും ധൂർത്തിന്റെയും മുഖ്യ കാരണം നമ്മുടെ ജീവിത വീക്ഷണത്തിൽ കടന്നുകൂടിയ ദുരഭിമാനമാണ്. ഈ ദുരഭിമാനത്തെ ഇസ്‌ലാം കർശനമായി വിലക്കുന്നു. ഖുർആന്റെ വീക്ഷണത്തിൽ ദൈവഭക്തി മാത്രമാണ് ഔന്നിത്യത്തിന്റെ മാനദണ്ഡം (ഖുർആൻ 49:13).

ഇസ്‌ലാം ഉപഭോഗത്തെ നിയന്ത്രിക്കുകയും പലിശ നിരോധിക്കുകയും ചെയ്യുന്നു. അമിത ഉപഭോഗത്തിലൂടെ ഉണ്ടാകുന്ന കടബാധ്യതയെ സൂക്ഷിക്കാൻ പറയുന്നു.

"അല്ലാഹുവേ, ഞാൻ വൻ കടത്തിൽനിന്നും വൻപാപത്തിൽനിന്നും നിന്നോട് അഭയം തേടുന്നു. ചോദിക്കപ്പെട്ടു: എന്താണ് പ്രവാചകരേ താങ്കൾ പലപ്പോഴും കടത്തെത്തൊട്ട് അഭയം തേടുന്നത്? പ്രവാചകന്റെ മറുപടി: കടം കൊണ്ട് വലഞ്ഞ ഒരാൾ സംസാരത്തിൽ കളവ് പറയാൻ നിർബന്ധിതനാകുന്നു. വാഗ്ദാനം ലംഘിക്കുകയും ചെയ്യുന്നു" (ബുഖാരി, മുസ്‌ലിം).

"കടബാധിതനായി മരിച്ച ഒരാളുടെ കടം ആരെങ്കിലും ഏറ്റെടുക്കുന്നതുവരെ

പ്രവാചകൻ ആ മയ്യിത്തിന് നമസ്കരിക്കാൻ തയാറായിരുന്നില്ല" (അഹ്മദ്).

നാല്, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ ഉപയോഗിക്കാനും പരിസ്ഥിതി വിരുദ്ധ ഉൽപന്നങ്ങൾ ഉപേക്ഷിക്കാനും തയാറാകണം. ഇസ്‌ലാമിക കർമശാസ്ത്രത്തിൽ മസ്‌ലഹത്ത് (പൊതുതാൽപര്യം) സുപ്രധാനമായ ഒരു തത്ത്വമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ലോകത്തിലെ നല്ലതും ഉപകാരപ്രദവുമായ വിഭവങ്ങൾ ആസ്വദിക്കാൻ നമുക്കവകാശമുണ്ട്. അല്ലാഹു അത് നിഷേധിക്കുന്നില്ല.

പ്രവാചകൻ അനുയായികളോട് പറഞ്ഞു: "നിങ്ങൾ നല്ലതിനെ മാത്രം അന്വേഷിക്കുക. ദൈവത്തെ ആശ്രയിക്കുകയും ചെയ്യുക." ജനങ്ങൾക്ക് ബുദ്ധിമുട്ടും ദോഷവുമുണ്ടാക്കുന്ന ഒന്നും ഇസ്‌ലാം അനുവദിക്കുന്നില്ല. പരിസ്ഥിതിക്ക് പ്രത്യക്ഷമായോ പരോക്ഷമായോ കോട്ടം തട്ടുന്ന എല്ലാ പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിൽക്കണമെന്നാണ് ഖുർആന്റെ അന്തഃസ്സത്ത. പ്രകൃതിയിലെ അനാരോഗ്യ ഇടപെടൽ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

അഞ്ച്, പാഴ് വസ്തുക്കളുടെ നിയന്ത്രണം. പാഴ്‌വസ്തുക്കൾ പരിസ്ഥിതി മലിനീകരണത്തിൽ മുഖ്യ റോൾ വഹിക്കുന്നു. അമിതോപഭോഗം നമ്മുടെ ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. അമേരിക്കയിലും മറ്റു വികസിത രാജ്യങ്ങളിലും ദിവസവും കഴിക്കുന്ന ഭക്ഷണത്തിന്റെ മൂന്നിലൊന്ന് പാഴാക്കിക്കളയുകയാണ്. അമേരിക്കയിലെ മാത്രം ഒരു വർഷത്തെ പാഴ്‌വസ്തുക്കൾ ഉപേക്ഷിക്കണമെങ്കിൽ ഏകദേശം ചന്ദ്രഗോളത്തിന്റെ പകുതി –അതായത് 14500 മൈൽ സ്ഥലംവേണ്ടി വരുമത്രെ. അമേരിക്കയിൽ ഉൽപാദിപ്പിക്കുന്ന കടലാസിന്റെ 50 ശതമാനവും ഗ്ലാസ്സിന്റെ 75 ശതമാനവും അലൂമിനിയത്തിന്റെ 40 ശതമാനവും പ്ലാസ്റ്റിക്കിന്റെ 30 ശതമാനവും പാക്കേജിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. പാഴ്‌വസ്തുക്കൾ വർധിക്കാൻ ഇത് കാരണമാകുന്നു.

ലോകത്ത് വർഷം തോറും നാൽപത്തി അയ്യായിരം ടൺ പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളാണ് കടലിൽ തള്ളുന്നത്. പ്ലാസ്റ്റിക്ക് അവശിഷ്ടങ്ങൾ ഭക്ഷിച്ച് ഒരു മില്യൻ കടൽപക്ഷികളും ഏകദേശം അത്രതന്നെ കടൽ സസ്തനികളും ചത്തൊടുങ്ങുന്നു.

അമേരിക്കയിലെ കൃഷിവകുപ്പ് 1977–ൽ ഭക്ഷ്യ പാഴ്‌വസ്തുക്കളെക്കുറിച്ച് നടത്തിയ ഒരു സർവേ വെളിപ്പെടുത്തുന്നത് 356 ബില്യൻ ടൺ ഭക്ഷ്യവസ്തുക്കളാണ് ഉപയോഗിക്കാതെ ഓരോ വർഷവും കടലിൽ തള്ളുന്നത് എന്നാണ്. ഇറച്ചി, പാൽ, മിഠായികൾ എന്നിവ 60 ശതമാനത്തിലധികം പാഴാക്കുകയാണ്.

ആറ്, ജലം പാഴാക്കൽ. ജലത്തിന് സുപ്രധാനമായ സ്ഥാനം നൽകിയിരിക്കുന്നു പ്രവാചകൻ. വെള്ളത്തിന്റെ അമിത ഉപയോഗം അദ്ദേഹം നിരോധിച്ചു. ശുദ്ധീകരണത്തിനു വേണ്ടിയാണെങ്കിൽ പോലും അമിതമായി വെള്ളം ഉപയോഗിക്കാൻ പാടില്ല.

ജലമലിനീകരണം കടുത്ത കുറ്റമാണ്. പ്രവാചകൻ തന്റെ അനുയായികളെ കെട്ടിനിൽക്കുന്ന വെള്ളത്തിൽ കുളിക്കാൻ പോലും അനുവദിച്ചിരുന്നില്ല. "കെട്ടിനിൽക്കുന്ന വെള്ളത്തിൽ നിങ്ങൾ കുളിക്കുകയോ മലമൂത്ര വിസർജനം നടത്തുകയോ ചെയ്യരുത്" (ബുഖാരി).

ഏഴ്, ഭക്ഷ്യവസ്തുക്കൾ പാഴാക്കൽ. ഭക്ഷ്യവസ്തുക്കൾ പാഴാക്കുന്നത് ഗുരുതരമായ തെറ്റായിട്ടാണ് ഇസ്‌ലാം കാണുന്നത്. ഒരു ഹദീസ് കാണുക: "ആരെന്ത് പ്രവർത്തിക്കുമ്പോഴും അതിന്റെ കൂടെ പിശാച് ഉണ്ടായിരിക്കുന്നതാണ്. ഒരാൾ ഭക്ഷണം കഴിക്കുമ്പോൾ പിശാച് സന്നിഹിതനായിരിക്കും. അതിനാൽ ഭക്ഷണം കഴിക്കുമ്പോൾ അത് പാഴാകാതിരിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ കൈകൾ നക്കിത്തുട

ക്കണം. കൈയിൽ അവശേഷിക്കുന്ന ഒരു ചെറിയ അംശം പോലും പിശാച് ഭക്ഷിക്കാൻ സാധ്യതയുണ്ട്" (ബുഖാരി).

അമിത ഭോജനം ഒരർഥത്തിൽ പാഴാക്കുന്നതുപോലെയാണ്. മിതമായി ഭക്ഷണം കഴിക്കാനാണ് നാം കൽപിക്കപ്പെട്ടിട്ടുള്ളത്. മിത ഭക്ഷണശീലം ആരോഗ്യപരിരക്ഷ മാത്രമല്ല, പരിസ്ഥിതി ഗുണകരവുമാണ്.

എട്ട്, ഊർജവും മറ്റു വിഭവങ്ങളും പാഴാക്കൽ. ഭൂമി തരിശായി ഇടുന്നത് ഇസ്‌ലാം വിലക്കിയിരിക്കുന്നു. സ്വത്തവകാശത്തിന്റെ കാര്യത്തിലും ചില പരിമിതികളുണ്ട്. "ഒരാൾ തന്റെ വശമുള്ള ഭൂമി കൃഷി ചെയ്യാതെ തരിശായിട്ടാൽ ആ ഭൂമിയുടെ മേലുള്ള അദ്ദേഹത്തിന്റെ അവകാശം റദ്ദ് ചെയ്യുന്നതാണ്. തരിശ് ഭൂമി ഒരാൾ കൃഷി യോഗ്യമാക്കിയാൽ അവൻ അതിന്റെ അവകാശിയായിത്തീരുന്നതുമാണ്. മറ്റുള്ളവർക്ക് അതിൽ അവകാശമുണ്ടായിരിക്കുകയില്ല." പ്രകൃതി വിഭവങ്ങളുടെ പ്രാധാന്യം മനസ്സിലാക്കണമെന്നും അത് ഒരുതരത്തിലും പാഴാക്കിക്കളയാൻ പാടില്ലെന്നുമാണ് ഇത് വ്യക്തമാക്കുന്നത്.

'അല്ലാഹു മൂന്നു കാര്യങ്ങൾ വെറുക്കുന്നു: അനാവശ്യമായ വാദപ്രതിവാദം, സ്വത്ത് പാഴാക്കൽ, നിരന്തര യാചന' (ബുഖാരി).

ഈ കാലഘട്ടത്തിൽ ഊർജം സുപ്രധാനമായ സമ്പത്ത് തന്നെയാണ്. ഊർജത്തിന്റെ ദുരുപയോഗം ലോകവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. ഊർജം പാഴാകാതിരിക്കാൻ പരമാവധി ശ്രമിക്കണം. വൈദ്യുതി, എണ്ണ, മറ്റു ഊർജ സ്രോതസ്സുകൾ എന്നിവ കരുതലോടെ ഉപയോഗിക്കാൻ ശീലിക്കണം.

ഒമ്പത്, ആവാസ വ്യവസ്ഥയുടെ സംരക്ഷണം. ഒന്നാം ഖലീഫ അബൂബക്കർ(റ) തന്റെ സൈന്യാധിപന് അയച്ച കത്തിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധേയമാണ്:

1. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ എന്നിവരെ വധിക്കരുത്.
2. ഫലവൃക്ഷങ്ങൾ വെട്ടിനശിപ്പിക്കരുത്.
3. കൃഷി നിലങ്ങൾ നശിപ്പിക്കരുത്.
4. ഭക്ഷണാവശ്യത്തിനല്ലാതെ മൃഗങ്ങളെ കശാപ്പു ചെയ്യരുത്.
5. തേനീച്ചക്കൂടുകൾ കത്തിക്കരുത്.
6. ഭീരുത്വം കാണിക്കരുത്.
7. ആളുകളെ തെറ്റിദ്ധരിപ്പിക്കരുത്.

ഈ നിർദേശങ്ങളിൽ ഭൂരിപക്ഷവും ആവാസവ്യവസ്ഥയുടെ സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്.

1. മരം മുറിക്കുന്നതും കൃഷി ഭൂമി നശിപ്പിക്കുന്നതും അർഥ ശങ്കക്കിടമില്ലാത്ത വിധം നിരോധിക്കപ്പെട്ട കാര്യങ്ങളാണ്. 'ഫസാദ്' എന്നാണ് ഖുർആൻ ഇതിനെ വിശേഷിപ്പിച്ചിട്ടുള്ളത്.

മരങ്ങൾ വെച്ചു പിടിപ്പിക്കാനും ആവാസവ്യവസ്ഥയുടെ സന്തുലനം നില നിർത്താനുമാണ് കൽപിച്ചിരിക്കുന്നത്. പ്രവാചകൻ അരുളി: "ഒരു മുസ്‌ലിം ഒരു മരം വെച്ചു പിടിപ്പിക്കുകയോ ധാന്യങ്ങൾ വിതക്കുകയോ ചെയ്താൽ, അതിൽനിന്ന് പക്ഷികളും മൃഗങ്ങളും ഭക്ഷിക്കുന്നതുപോലും അയാൾക്ക് പ്രതിഫലം ലഭിക്കുന്ന കാര്യങ്ങളാണ്."

2. സംരക്ഷിത മേഖലകളെല്ലാം സംരക്ഷിക്കപ്പെടണം. മദീനയിൽ എത്തിയ ഉടൻ പ്രവാചകൻ മരങ്ങൾ വ്യാപകമായി വെച്ചുപിടിപ്പിക്കുകയുണ്ടായി. വന്യജീവികൾ, കാട്, നിലങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രത്യേക സംരക്ഷിത മേഖല പ്രവാച

കൻ സൃഷ്ടിക്കുകയായിരുന്നു. ഇവിടെ വേട്ടയും മരം മുറിയും കർശനമായി നിരോധിച്ചിരുന്നു. 'ഹിമാ' എന്ന പേരിലാണ് ഇത്തരം സംരക്ഷിത മേഖലകൾ അറിയപ്പെട്ടിരുന്നത്. മദീനാ പട്ടണത്തിൽ 12 മൈൽ ചുറ്റളവിൽ 'ഹിമാ' ആയി പ്രഖ്യാപിച്ചിരുന്നു.

3. അനാവശ്യമായി മൃഗങ്ങളെ കൊല്ലാനോ അവയോട് ക്രൂരമായി പെരുമാറാനോ പാടില്ല. അനാവശ്യമായി ഒരാൾ ഒരു ജീവിയെ കൊന്നാൽ വിചാരണാ നാളിൽ ആ ജീവി അല്ലാഹുവിനോട് പരാതി ബോധിപ്പിക്കുന്നതാണ്. ■

(അവലംബം: *റേഡിയൻസ്*)